**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **29-01-2024 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിൽ അസ്സറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിൽ 2017-18 കാലയളവിൽ പദ്ധതി ഫണ്ട് ഉപയോഗിച്ച് കിൻസ്ഫോക്ക് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് അസ്സറ്റ് മാനെജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വാങ്ങിയിരുന്നോ; എങ്കിൽ എത്ര തുകയ്ക്കാണ് പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതെന്ന് വിശദമാക്കുമോ; പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ ക്ലൗഡ് ഹോസ്റ്റിംഗിനു വേണ്ടി എത്ര തുക ചിലവഴിച്ചു എന്നു വ്യക്തമാക്കുമോ; | (എ) | സി-ഡിറ്റ് പദ്ധതി വിഹിതമുപയോഗിച്ച് ഇരുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരം രൂപയുടെ പർച്ചേയ്സ് ഓർഡർ മുഖേന എന്റർപ്രൈസ് മാനേജമെന്റ് (അസറ്റ് മാനേജ്മെന്റ് ) സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വാങ്ങിയിരുന്നു. ഇതിൽ സോഫ്റ്റ് വെയർ ലൈസൻസിന് 20,36,680/- രൂപയും Implementation തുകയായ 5,78,200/- ന്റെ 30% ആയ 1,73,460/- രൂപയും AMC ഇനത്തിൽ 3,23,320/- രൂപയും നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ. പദ്ധതിയുടെ പേരിൽ വാങ്ങിച്ച ഈ സോഫ്റ്റ്‌വെയർ കെ.എസ്.എഫ്.ഇ. പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ നാളിതു വരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ബന്ധപ്പെട്ട പ്രോജക്ട് കരാർ കെ.എസ്.എഫ്.ഇ റദ്ദാക്കിയതു മൂലം സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കഴിഞ്ഞില്ല. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയത് പൊതു ഖജനാവിന് നഷ്ടമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സി -ഡിറ്റിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഐ.ടി ഇൻഫ്രാസ്ട്രകച്ചറും ഡിജിറ്റൽ ആസ്തികളും കൈകാര്യം ചെയ്യുന്നതിനുള്ള സി-ഡിറ്റിന്റെ സാങ്കേതികശേഷി വർധിപ്പിക്കുന്നതിനാണ് ഐ.ടി. അസറ്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വാങ്ങിയത്. സി-ഡിറ്റിന്റെ ആസ്തി വർദ്ധിപ്പിക്കാനാണ് പദ്ധതി തുക ഉപയോഗിച്ചത് എന്നതിനാൽ നഷ്ടം ഉണ്ടായിട്ടില്ല. ഉദ്ദേശിച്ചിരുന്നതുപോലെ 2019 ൽ കെ.എസ്. എഫ്. ഇ പ്രോജക്ട് നടപ്പിലായിരുന്നെങ്കിൽ സിഡിറ്റിന് അധിക വരുമാനം ലഭിക്കുമായിരുന്നു. എങ്കിലും അത്തരം പുതിയ പ്രോജക്ടുകൾ ലഭിക്കുന്ന അവസരത്തിൽ ഈ സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുമായി എ.എം.സി. പുതുക്കി അതുപയോഗിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ